സഡക് യോജന

147(355) ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ സഡക് യോജന പദ്ധതിയനുസരിച്ച് സംസ്ഥാനത്തിന് ഇതുവരെ എന്തു തുകയാണ് ആകെ ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേന്ദ്രഗ്രാമീണ റോഡ് പദ്ധതിക്കായുള്ള തുക സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി ഉപയോഗിക്കുമ്പോൾ കുറഞ്ഞത് എട്ടുമീറ്റർ വീതിയിൽ ഇത്തരം റോഡു നിർമ്മാണം നടത്തണമെന്ന വ്യവസ്ഥ കർശനമായും പാലിക്കേണ്ടതുണ്ടോ ;

(സി) ഈ വ്യവസ്ഥയിൽ ഇളവ് വരുത്തണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് നിവേദനം നൽകിയിരുന്നുവോ ;

(ഡി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ ഇത്തരത്തിൽ ഇളവ് അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഇ) എട്ടുമീറ്റർ വീതി എന്ന വ്യവസ്ഥ പാലിക്കാത്തതുമൂലം ഈ പദ്ധതിയിൻകീഴിൽ സംസ്ഥാനത്തിനു ലഭിക്കേണ്ടിയിരുന്ന എന്തു തുക ഇതുവരെ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതു വരെയായി 489.22 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

(ബി) റോഡ് നിർമ്മാണത്തിന് സൈഡ് ഡ്രയിൻ ഉൾപ്പെടെ 8 മീറ്റർ വീതി വേണമെന്ന വ്യവസ്ഥ നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം റോഡിന്റെ വീതി 7.5 മീറ്ററും, ഓടയുടെ വീതി 0.5 മീററുമാണ്. 7.5 മീറ്റർ വീതിയിൽ 3.75 മീറ്റർ (Carriage way) ടാർ ചെയ്യുന്നതാണ്. ഇതു കൂടാതെ വളവുകളിൽ വരുന്ന റേഡിയസ് അനുസരിച്ച് 0.6 മീറ്റർ മുതൽ 0.9 മീറ്റർ വരെ ടാർ ചെയ്യുന്ന പ്രതലത്തിന്റെ വീതി കൂടുന്നതാണ്.

(സി) കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി കണക്കിലെടുത്ത് 8 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിനുള്ള വ്യവസ്ഥയിൽ ഇളവ് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതു പ്രകാരം കേന്ദ്രസർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും ആ സമിതിയുടെ റിപ്പോർട്ട് പ്രകാരം നിലവിലുള്ള പ്രധാന റോഡുകളുടെ (Through Route) വീതി 6 മീറ്ററും, ലിങ്ക് റോഡുകളുടെ വീതി 5 മീറ്ററും ആണെങ്കിൽ പുനരുദ്ധാരണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുക്കാൻ സാദ്ധ്യമല്ല. എന്നാൽ പ്രതിദിനം അമ്പതിൽ കൂടുതൽ യന്ത്രവൽകൃത വാഹനങ്ങളുടെ ഗതാഗതമുള്ള പ്രധാന റോഡുകളുടെ (Through Route) വീതി 7.5 മീറ്ററും ലഭ്യമാകുമെങ്കിൽ പുനരുദ്ധാരണത്തിന് ഏറ്റെടുക്കാവുന്നതാണ്. പുനരുദ്ധാരണത്തിനായി പ്രധാന റോഡുകളും (Through Route), മേജർ ലിങ്ക് റോഡുകളും മാത്രമേ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ഇളവ് അനുവദിച്ചിട്ടില്ല.

(ഇ) 8 മീറ്റർ വീതിയിൽ കുറവുള്ള റോഡുകൾ നിലവിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതിനാൽ അത്തരം റോഡുകളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല.

പി. എം. ജി. എസ്. വൈ. പദ്ധതിപ്രകാരം പുനരുദ്ധാരണം നടത്താൻ ശിപാർശ ചെയ്ത പദ്ധതികൾ

148 (356) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം തലശ്ശേരി, കൂത്തുപറമ്പ് ബ്ലോക്കുകളിൽ നിന്ന് 2010-11 വർഷത്തിൽ പുനരുദ്ധാരണം നടത്താൻ ശിപാർശചെയ്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ശിപാർശകളുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(സി) പെരിങ്ങളം മണ്ഡലത്തിലെ പുത്തൂർ പോസ്റ്റാഫീസ്-നീളങ്ങൾ-കല്ലുവളപ്പ് റോഡിന്റെയും, ചെറുപ്പറമ്പ്-പാത്തിക്കൽ റോഡിന്റെയും, പൊയിലൂർ-വെങ്ങത്തോട് റോഡിന്റെയും ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത റോഡുകൾ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) കൂത്തുപറമ്പ് ബ്ലോക്കിന് കീഴിലുള്ള കല്ലുവളപ്പ്-പാത്തിക്കൽ റോഡ് പുനരുദ്ധാരണം നടത്താനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ; പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം തലശ്ശേരി, കൂത്തുപറമ്പ് ബ്ലോക്കുകളിൽ നിന്ന് 2010-11 വർഷത്തിൽ പുനരുദ്ധാരണം നടത്താൻ ശിപാർശചെയ്ത പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത ലിസ്റ്റ് 8-ാം ഘട്ടത്തിൽ ഉൾപ്പെടുത്തുവാനായി കെ. എസ്. ആർ. ആർ. ഡി. എ.-യിൽ ലഭിച്ചത് പരിശോധിച്ച് വരികയാണ്.

(സി) പെരിങ്ങളം മണ്ഡലത്തിലെ പുത്തൂർ പോസ്റ്റാഫീസ്-നീളങ്ങൾ-കല്ലുവളപ്പ് റോഡും, ചെറുപ്പറമ്പ്-പാത്തിക്കൽ റോഡും, പൊയിലൂർ-വെങ്ങത്തോട് റോഡും പി.എം.ജി.എസ്.വൈ. കോർനെറ്റ് വർക്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഈ റോഡുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly